"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചേംബർ ഓഫ് മുനിസിപ്പൽ ചെയർമാൻ എന്ന പേര് ചേംബർ ഓഫ് മുനിസിപ്പൽ ചെയർപേഴ്സൺസ് എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവാകുന്നു

---

**തദ്ദേശ സ്വയംഭരണ (ഇ.എം)വകുപ്പ്**

സ.ഉ.(സാധാ) നം.2380/2025/LSGD തീയതി,തിരുവനന്തപുരം, 29-09-2025

---

പരാമർശം:-
1. സർക്കുലർ നം.ഒ.എൽ.4/11/2025/പി &എആർഡി
2. ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ ന്റെ 08/07/2025 തീയതിയിലെ കത്ത്

**ഉത്തരവ്**

കേരളത്തിലെ നഗരസഭാ അദ്ധ്യക്ഷരുടെ അസ്സോസിയേഷൻ ആയ ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ സർക്കാർ ഉത്തരവ് നം. 316/Pt.sppl-2/66 (അ:ൂ.29/12/1966) പ്രകാരം പ്രവർത്തിച്ചു വരികയാണെന്നും സർക്കാർ ഉത്തരവ്' (നം-ഒ.എൽ.4/11/2025/പി.ആൻഡ്ആർ.ഡി) പ്രകാരം ഔദ്യോഗിക മേഖലയിൽ ലിംഗസമത്വ പദങ്ങൾ ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു എന്നും കൂടാതെ ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ ജനറൽ ബോഡിയോഗത്തിൽ ബഹു. മന്ത്രിയും ടി നിർദ്ദേശം നൽകിയിരുന്നു എന്നും ടി സാഹചര്യത്തിൽ ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ എന്ന പേര് ഔദ്യോഗികമായി ചേംബർ ഓഫ് മുനിസിപ്പൽ ചെയർപേഴ്സൺസ് എന്നാക്കി മാറ്റുന്നതിന് പുതുക്കിയ ഉത്തരവ് നൽകണമെന്നും പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണരംഗത്ത് ലിംഗനിഷ്പക്ഷപദങ്ങളുടെ ഉപയോഗം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 'ചെയർമാൻ' എന്നതിനുപകരം 'ചെയർപേഴ്സൺ' എന്ന ലിംഗനിഷ്പക്ഷപദം ഉപയോഗിക്കണമെന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷാ) വകുപ്പ് ന്റെ പരാമർശം 1 സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്.

3) ടി സാഹചര്യത്തിൽ കേരളത്തിലെ നഗരസഭാ അദ്ധ്യക്ഷരുടെ അസ്സോസിയേഷൻ ആയ ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ ന്റെ നാമം ചേംബർ ഓഫ് മുനിസിപ്പൽ ചെയർപേഴ്സൺസ് എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

ചെയർമാൻ, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ, സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്,

വഴുതക്കാട്. തിരുവനന്തപുരം- 10
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ( എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 29-09-2025 15:35:16
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്